ടൂറിസ്റ്റുകേന്ദ്രങ്ങൾ

* 503. [15] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ടൂറിസ്റ്റുകേന്ദ്രങ്ങൾ ഉണ്ട് ;

(ബി) കേരളത്തിലെ പ്രധാനപ്പെട്ട ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റുകൾ ടൂറിസ്റ്റു കേന്ദ്രങ്ങളാക്കണമെന്ന് എസ്റ്റിമേറ്റ്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) ഈ ശുപാർശയിന്മേൽ വല്ല നടപടിയും ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) 21.

(ബി) ഉണ്ട്.

(സി) ഈ കാര്യം ഗവണ്മെൻറു പരിഗണിച്ചുവരികയാണ്.

നെൽകൃഷിക്കാരുടെ ആക്ഷേപം

* 504. [16] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

കൃഷിച്ചെലവിന്റെ വർദ്ധനവനുസരിച്ച് നെല്ലുവില ലഭിക്കുന്നില്ലെന്നും, അതുകൊണ്ടു നെൽകൃഷി ലാഭകരമായി തുടർന്നുകൊണ്ടുപോകുവാൻ സാദ്ധ്യമല്ലെന്നുമുള്ള നെൽകൃഷിക്കാരുടെ ആക്ഷേപത്തെ പരിഗണിച്ച് അവർക്ക് വളം, വിദ്യുച്ഛക്തി, ജലസേചനസൗകര്യം മുതലായവ കുറഞ്ഞ ചെലവിൽ ലഭിക്കുന്നതിനു നടപടി എടുക്കുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) : താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്:—

(1) പ്രധാന ജൈവവളങ്ങളിൽ ഏറ്റവും മുഖ്യമായ എല്ലുപൊടി സൂപ്പർ ഫോസ്ഫേറ്റ്, അമോണിയം ഫോസ്ഫേറ്റ് എന്നിവ 25 ശതമാനം വില കുറച്ചു കർഷകർക്കു വിതരണം ചെയ്യുന്നുണ്ട്.

(2) സ്വന്തമായി പമ്പ് സെറ്റുകൾ ഉപയോഗിക്കുന്നവർക്ക് മുണ്ടകൻ കൃഷിക്കും, പുഞ്ചകൃഷിക്കും ഏക്കറൊന്നിനു യഥാക്രമം മൂന്നു രൂപ, അഞ്ചു രൂപ എന്നീ തുകകൾ സബ്സിഡിയായി നൽകുന്നുണ്ട്.

(3) കൃഷിക്കാവശ്യമായ ഇലക്ട്രിസിറ്റി കണക്ഷൻ മുൻഗണന കൊടുക്കുന്നുണ്ട്. 10 ശതമാനം വരവ് എന്നുള്ള അടിസ്ഥാനത്തിലാണ് കൃഷി ആവശ്യത്തിനുള്ള ലൈൻ നീട്ടുന്നതു്. കൃഷിയാവശ്യത്തിനുള്ള കറൻറിനു യൂണിറ്റൊന്നിനു ആറു നയാപൈസ മാത്രമേ ഈടാക്കുന്നുള്ളൂ.

(4) കട്ടനാട്ടിലും വെള്ളായണിയിലും കായൽകൃഷിക്കു വെള്ളം വറ്റിക്കുന്നതിനു വേണ്ട ചെലവിന്റെ 50 ശതമാനം സഹായധനമായി നൽകുന്നുണ്ട്.

(5) കീടനാശിനികൾ 25 ശതമാനം വില കുറച്ചു കർഷകർക്കു കൊടുക്കുന്നുണ്ട്. കീടബാധ ഒരു പകർച്ചവ്യാധി എന്ന നിലയ്ക്കു പടർന്നു പിടിച്ച സ്ഥലങ്ങളിൽ കീടനാശിനികളുടെ വിലയിൽ 50 ശതമാനം കുറവു ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly